# അപകടത്തിൽ പരിക്കേറ്റ തൊഴിലാളിക്ക് നഷ്ടപരിഹാരം ലഭിക്കാൻ തൊഴിലുടമയുടെ അശ്രദ്ധ തെളിയിക്കേണ്ട

## അലഹബാദ് ഹൈക്കോടതി

F.A.F.O. No. 3397/2013 Dt. 4.12.2019

റിലയൻസ് ജനറൽ ഇൻഷുറൻസ് കമ്പനി
ലിമിറ്റഡ്
X
വറിഷാൻ

ഷക്കീൽ ഷാ എന്നയാൾ സ്വകാര്യ വ്യക്തിയുടെ കാർ ഡ്രൈവറായിരുന്നു. ഒരു ദിവസം പിലിഭിത്ത് എന്ന സ്ഥലത്ത് പോയി ബറൈലിയിലേക്ക് മടങ്ങുമ്പോൾ ഗോതിയ എന്ന ഗ്രാമത്തിനടുത്തുവച്ച് കാർ പെട്ടെന്ന് കേടാവുകയും നില്ക്കുകയും ചെയ്തു. കാറിൽ ഡ്രൈവർ മാത്രമാണുണ്ടായിരുന്നത്. അപ്പോൾ സമയം ഏകദേശം രാത്രി ഏഴ് മണി കഴിഞ്ഞിരുന്നു. കേടായ കാറിൽ നിന്ന് പുറത്തിറങ്ങിയ ഡ്രൈവർ മൊബൈൽ ഫോണിലൂടെ കാറുടമയെ വിവരമറിയിച്ചുകൊണ്ടിരിക്കെ അജ്ഞാത വാഹനം ഡ്രൈവറെ ഇടിച്ച് തെറിപ്പിക്കുകയും അയാൾക്ക് സാരവും മാരകവുമായ പരിക്കേല്ക്കുകയും ചെയ്തു. അയാളെ ആശുപത്രിയിലെത്തിച്ച് ചികിത്സ നല്കിയെങ്കിലും ഏഴാം ദിവസം അയാൾ മരണത്തിന് കീഴടങ്ങി. അയാളുടെ ചികിത്സാ ചെലവിലേക്ക് കാറുടമ ഇരുപത്തി അയ്യായിരം രൂപ നല്കുകയും നഷ്ടപരിഹാരം ഇൻഷുറൻസ് കമ്പനിയിൽ നിന്ന് വാങ്ങിക്കൊള്ളാൻ ഉപദേശിക്കുകയും ചെയ്തു. മരിച്ച തൊഴിലാളിയുടെ ആശ്രിതരായ മാതാവും സഹോദരരും നഷ്ടപരിഹാരമാവശ്യപ്പെട്ട് എംപ്ലോയീസ് കോമ്പൻസേഷൻ കമ്മീഷണർക്ക് അപേക്ഷ നല്കി. കൊല്ലപ്പെട്ട തൊഴിലാളി കാറിൽ നിന്ന് ഇറങ്ങി റോഡിൽ നിന്ന് അശ്രദ്ധമായി ഫോണിൽ സംസാരിച്ചു നിന്നതുകൊണ്ടാണ് അപകടത്തിൽപ്പെട്ടതെന്നും തൊഴിൽ ചെയ്തുകൊണ്ടിരിക്കുമ്പോഴല്ല അപകടമുണ്ടായതെന്നും തൊഴിലുടമയുടെ ഭാഗത്ത് യാതൊരു തരത്തിലുമുള്ള അശ്രദ്ധയോ അവഗണനയോ ഉണ്ടായിട്ടില്ലെന്നും തൊഴിലുടമ നഷ്ടപരിഹാരം നല്കാൻ ബാധ്യസ്ഥനല്ലെന്നും അതിനാൽ തങ്ങൾക്കും ബാധ്യതയില്ലെന്നും മറ്റും ഇൻഷുറൻസ് കമ്പനി വാദിച്ചത് എംപ്ലോയീസ് കോമ്പൻസേഷൻ കമ്മീഷണർ അംഗീകരിച്ചില്ല. അന്തരിച്ച തൊഴിലാളിയുടെ ആശ്രിതർ നഷ്ടപരിഹാരമായി ആവശ്യപ്പെട്ടത് അഞ്ച് ലക്ഷം രൂപയാണെങ്കിലും 5,19,154 രൂപ 8% പലിശസഹിതം ഇൻഷുറൻസ് കമ്പനി നല്കണമെന്ന് കമ്മീഷണർ ഉത്തരവിട്ടു. ഇതിനെതിരെ ഇൻഷുറൻസ് കമ്പനി ഹൈക്കോടതിയിൽ അപ്പീൽ സമർപ്പിച്ചു. ജോലിയിലേർപ്പെട്ടിരിക്കെയല്ല അപകടമുണ്ടായതെന്നും തൊഴിലുടമയുടെ ഭാഗത്ത് അശ്രദ്ധയോ അവഗണനയോ ഉണ്ടായിരുന്നു എന്ന് തെളിയിച്ചിട്ടില്ലെന്നും ഇൻഷുറൻസ് കമ്പനി വാദിച്ചു. കാർ കേടായ വിവരമറിയിക്കാൻ പുറത്തിറങ്ങി ഫോൺ വിളിക്കേണ്ടി വന്നത് തൊഴിലിന്റെ ഭാഗവും തൊഴിലിലേർപ്പെട്ടുകൊണ്ടിരിക്കെയുമാണെന്നും അതിനാൽ അപകടം തൊഴിലപകടം തന്നെയാണെന്ന് ഹൈക്കോടതി വിലയിരുത്തി. തൊഴിലുടമയുടെ ഭാഗത്ത് അശ്രദ്ധയുണ്ടോ ഇല്ലയോ എന്നത് നഷ്ടപരിഹാരത്തിന്റെ കാര്യത്തിൽ തെളിയിക്കേണ്ട കാര്യമല്ലെന്നു മാത്രമല്ല, അത് അപ്രസക്തവുമാണെന്ന് ചൂണ്ടിക്കാട്ടിയ ഹൈക്കോടതി ഇൻഷുറൻസ് കമ്പനിയുടെ അപ്പീൽ തള്ളിക്കളയുകയും എംപ്ലോയീസ് കോമ്പൻസേഷൻ കമ്മീഷണറുടെ ഉത്തരവ് ശരിവയ്ക്കുകയും ചെയ്തു.